"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ഇ2/13003/2012

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 12/03/2013

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -2011-12 , 2012-13 സാമ്പത്തിക വർഷങ്ങളിൽ 87- മോഡണൈസേഷൻ ശീർഷകത്തിലെ എക്സ്പെൻഡിച്ചർ ഡീറ്റെയിൽസ് - സംബന്ധിച്ച്

സൂചന:- 1) ഈ സ്ഥാപനത്തിൽ നിന്നും വിവിധ കമ്പനികൾക്ക് നൽകിയ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ വിതരണ ഉത്തരവുകൾ

2) 8/1/13, 4/2/13, 27/2/13 എന്നീ തീയതികളിലെ ഇതേ നമ്പരായ സർക്കുലറുകൾ

***************

സൂചന കണ്ടാലും.. നടപ്പു സാമ്പത്തിക വർഷത്തിൽ ഐ.ടി.ഐ. കളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ സംഭരണം നടത്തുന്നതിന് 87- മോഡണൈസേഷൻ ശീർഷകത്തിൽ വിവിധ കമ്പനികൾക്ക് വിതരണ ഉത്തരവുകൾ നൽകിയിട്ടുണ്ട്. കൂടാതെ 2011-12 സാമ്പത്തിക വർഷത്തിൽ വിതരണ ഉത്തരവുകൾ നൽകുകയും 2012-13 സാമ്പത്തിക വർഷത്തിൽ വിതരണം നടത്തിയ ഇനത്തിൽ വിവിധ കമ്പനികൾക്ക് ഇനിയും പേമെന്റ് നൽകുവാനുണ്ട്.

നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ പ്ലാൻ ഫണ്ട് പൂർണ്ണമായിട്ട് ചെലവഴിക്കേണ്ടതിനാൽ തൃപ്തികരമായി വിതരണം നടത്തിയ firm കൾക്ക് പേമെന്റ് അടിയന്തിരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. 23/3/2013-ന് മുമ്പ് പരമാവധി തുക ചെലവ് ചെയ്യണമെന്ന് ട്രെയിനിംഗ് ഡയറക്ടർ കർശന നിർദ്ദേശം നൽകിയിരിക്കുന്നതിനാൽ ടി തീയതിക്ക് മുമ്പ് പരമാവധി തുക ചെലവ് ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ ഐ.ടി.ഐ തലത്തിൽ സ്വീകരിക്കേണ്ടതാണ്. എല്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും അവരുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് അതത് ദിവസത്തെ എക്സ്പെൻഡിച്ചർ അന്നേ ദിവസം തന്നെ വൈകുന്നേരം 4.30 -ന് മുമ്പ് അക്കൗണ്ട്സ് ഓഫീസർ ശ്രീ.കെ.മധുകുമാറിന്റെ മൊബൈലിൽ (മൊബൈൽ നം. 9847260995) അറിയിക്കേണ്ടതാണ്. എക്സ്പെൻഡിച്ചർ ഇല്ലായെങ്കിൽ ടി വിവരവും അറിയിക്കേണ്ടതാണ്.

പ്ലാൻ ഫണ്ട് വിനിയോ ഗത്തിൽ ആവശ്യമില്ലാത്ത അലംഭാവവും കാലതാമസവും ഉണ്ടാക്കുന്ന പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

**13/3/2013 മുതൽ 31/3/2013** വരെ എല്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും വിതരണം നടത്തിയ സപ്ലൈ ഓർഡറുകളുടെ എണ്ണവും തുകയും വിതരണം നടത്താത്ത സപ്ലൈ ഓർഡറുകളുടെ എണ്ണവും അറിയിക്കേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

To

എല്ലാ ഐ.ടി.ഐ.പ്രിൻസിപ്പാൾമാർക്കും
(പരിധിയിൽ വരുന്ന ഐ.ടി.ഐ.കളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് വിവരം അറിയിക്കേണ്ടതാണ്.)

പകർപ്പ് :

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

ആർ.ഇ. 13/3/13